# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 57

27.02.2018 ൽ മറുപടിക്ക്

## കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില വർദ്ധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ<br>ശ്രീ. ടി.എ.അഹമ്മദ് കബീർ<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.പി.ബി.അബ്ദുൽ റസ്സാക്ക് | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പമന്ത്രി) |
| (എ) കെട്ടിട നിർമ്മാണ സാമഗ്രികളുടെ അമിതമായ വില വർദ്ധനവ് കാരണം നിർമ്മാണമേഖലയാകെ പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ക്വാറി ഉൽപ്പന്നങ്ങളുടെ ദൗർലഭ്യം മൂലം കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് വിലവർദ്ധനവ് ഉണ്ടായിട്ടുള്ളതായും തൻമൂലം നിർമ്മാണ മേഖലയിൽ പ്രതിസന്ധി ഉണ്ടായിട്ടുള്ളതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ജി.എസ്.ടി നിലവിൽ വന്ന ശേഷം നികുതി 5% ആയി കുറഞ്ഞിട്ടും കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില അമിതമായി വർദ്ധിക്കുന്നതിന്റെ കാരണം വിശദമാക്കാമോ; | (ബി) ജി.എസ്.ടി നിലവിൽ വന്നതോടെ കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില കൂടിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 02.12.2016 തീയതിയിലെ ബഹു. സുപ്രീംകോടതിയുടെ ഉത്തരവ് പ്രകാരം ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുള്ളതിനാൽ കരിങ്കല്ലടക്കമുള്ള ധാതുക്കളുടെ ഖനനത്തിന് അനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാവുകയും അതുവഴി കരിങ്കല്ലിനും കരിങ്കല്ല് ഉൽപ്പന്നങ്ങൾക്കും ക്ഷാമം നേരിടുകയും ചെയ്തിട്ടുണ്ട്. പാരിസ്ഥിതികാനുമതി ഉൾപ്പടെയുള്ള ലൈസൻസുകൾ നിർബന്ധമാക്കിയ സാഹചര്യത്തിൽ പ്രവർത്തിച്ചിരുന്ന ക്വാറികൾക്കും ഖനനം നിർത്തേണ്ടിവന്നു. ചെങ്കൽ ക്വാറികൾക്കും ടി നിബന്ധനകൾ ബാധകമായതിനാൽ ഇത്തരം ക്വാറികളും പ്രവർത്തനം നിർത്തി വയ്ക്കേണ്ടിവന്ന സാഹചര്യം സംജാതമായിട്ടുണ്ട്. ക്വാറി ഉൽപ്പന്നങ്ങൾ, മണൽ, ഇഷ്ടിക എന്നിവയുടെ ഇപ്രകാരമുള്ള ദൗർലഭ്യം മൂലം കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് നേരിയ വിലവർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (സി) ക്വാറി, ക്രഷർ ഉല്പന്നങ്ങളുടെ വില ഏകീകരിക്കാനും ന്യായവില ഉറപ്പാക്കുന്നതിനുമായി കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ? | (സി) സംസ്ഥാനത്ത് ക്രഷർ/ ക്വാറി ഉൽപ്പന്നങ്ങളുടെ വില നിയന്ത്രിക്കുന്നതിന് പ്രത്യേകിച്ച് സംവിധാനം നിലവിലില്ല. ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി ഉൾപ്പെടെയുള്ള അനുമതികൾ നിർബന്ധമായ സാഹചര്യത്തിൽ കരിങ്കല്ലടക്കമുള്ള ധാതുക്കളുടെ ഖനനത്തിന് അനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാവുകയും അതുവഴി കരിങ്കല്ലിനും കരിങ്കല്ല് ഉൽപ്പന്നങ്ങൾക്കും ക്ഷാമം നേരിടുകയും ചെയ്തിട്ടുണ്ട്. തന്മൂലം സംസ്ഥാനത്ത് ക്രഷർ/ ക്വാറിഉൽപ്പന്നങ്ങൾക്ക് നേരിയ വില വർദ്ധനവുണ്ടായിട്ടുണ്ട്. ഓരോ ജില്ലയിലെയും വില വ്യത്യസ്തമാണ്. |

ക്വാറി ഉൽപ്പന്നങ്ങളുടെ ലഭ്യത വർദ്ധിപ്പിച്ച് വിലവർദ്ധനവ് നേരിടുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.

1. 5-ഹെക്ടറിനു താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാ തലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പാരിസ്ഥിതികാഘാത നിർണ്ണയ അതോറിറ്റി (DEIAA)-യുടേയും ജില്ലാതല അപഗ്രഥന സമിതി (DEAC)യുടേയും പ്രവർത്തനം കാര്യക്ഷമമാക്കി.
2. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.
3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് 22.06.2017 ലെ സ.ഉ(പി)25/2017/ഐ.ഡി നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം. വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുന:സ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തി.
4. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയുണ്ടായി.
5. 6 മീറ്റർ വരെ ആഴത്തിൽ ലാറ്ററൈറ്റ് (ബിൽഡിംഗ് സ്റ്റോൺ) ഖനനം ചെയ്യുന്നതിന് മൈനിങ് പ്ലാൻ തയ്യാറാക്കുന്നതിന് മാർഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചു.

കൂടാതെ, ക്വാറി ഉൽപന്നങ്ങൾക്ക് ന്യായവില ഏർപ്പെടുത്തുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. പാരിസ്ഥിതികാനുമതി ഉൾപ്പെടെയുള്ള അനുമതികൾ കരസ്ഥമാക്കി ക്വാറികൾ പ്രവർത്തിച്ചു തുടങ്ങുമ്പോൾ കരിങ്കൽ ഉൽപ്പന്നങ്ങളുടെ ലഭ്യത വർദ്ധിച്ച് വില നിയന്ത്രിക്കാനാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

Manjith

സെക്ഷൻ ഓഫീസർ